**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 672** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഖാദി യൂണിറ്റുകളുടെ കെട്ടിടവും സ്ഥലവും ഉപയോഗിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ മുൻകാലങ്ങളിൽ വിട്ടുകൊടുത്ത സ്ഥലത്ത് ആരംഭിച്ച ഖാദി ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പലതും ഇന്ന് പ്രവർത്തനക്ഷമമല്ലാതെയും കെട്ടിടങ്ങൾ തകർന്നും സ്ഥലങ്ങൾ കാടുകയറിയും ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനോ അനുയോജ്യമായ പുതിയ സംരംഭങ്ങളാക്കി മാറ്റുന്നതിനോ സാധിക്കത്തക്കവിധം വിപുലമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; | (ബി) | ഇതിനുള്ള സാദ്ധ്യത പരിശോധിച്ച് പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |
| (സി) | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വിട്ടു നൽകിയ സ്ഥലത്ത് ചുരുങ്ങിയ തോതിൽ മാത്രം പ്രവർത്തിച്ചു വരുന്ന ഖാദി യൂണിറ്റിന് ആവശ്യമില്ലാത്ത 50 സെന്റോളം വരുന്ന സ്ഥലം പഞ്ചായത്തിന് തിരികെ നൽകുന്നതിനോ പ്രസ്തുത സ്ഥലത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | 100 ശതമാനം സബ്സിഡി ലഭ്യമാകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകളുടെ സഹകരണ ത്തോടെ ഒരു ബിൽഡിംഗ് പണിത് റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ